# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346** — **23/08/2017-ൽ മറുപടിയ്ക്ക്**

## ബാങ്കുകളുടെ സംയോജനവും കേരള ബാങ്ക് രൂപീകരണവും സംബന്ധിച്ച അനുമതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യൂ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ സംയോജനവും കേരള ബാങ്ക് രൂപീകരണവും സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ്വ് ബാങ്കിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച 5 അംഗ വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുമുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീറാം കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പൊതുജനാഭിപ്രായം ലഭിച്ചശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ